I ഇ.ബി. XIV - കേരള നിയമസഭ /VII-11

**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 ആഗസ്റ്റ് 23, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് സ്പീക്കറുടെ ഡയസിന് മുന്നിൽ നിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്ന യു.ഡി.എഫ്. അംഗങ്ങൾ സ്പീക്കറുടെ അഭ്യർത്ഥന പ്രകാരം അവരവരുടെ സീറ്റുകളിലേയ്ക്ക് പോയി.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഗവൺമെന്റിനെതിരെ നിരന്തരമായ പരാമർശങ്ങൾ ഹൈക്കോടതി നടത്തിയിട്ടും വിധിന്യായത്തിലൂടെ

കുറ്റപ്പെടുത്തിയിട്ടും അധികാരത്തിൽ തുടരുന്ന ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെയും സർക്കാരിന്റെയും നിലപാടിൽ പ്രതിഷേധിച്ച് ഇന്നത്തെ സഭാനടപടികൾ ബഹിഷ്കരിക്കുന്നു.

(തുടർന്ന് യു.ഡി.എഫ്. അംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭ ബഹിഷ്കരിച്ചു.)

## I അടിയന്തരപ്രമേയം

### കാർഷിക മേഖലയുടെ തകർച്ച

മി. സ്പീക്കർ: റബ്ബർ, നെല്ല്, കുരുമുളക് തുടങ്ങിയ കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവിനാലും ഭാരിച്ച കാർഷികകടവും നിമിത്തം കാർഷിക മേഖലയ്ക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന തകർച്ചയും കർഷകർ അനുഭവിക്കുന്ന ദുരിതങ്ങളും സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. എം. മാണി റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): കേന്ദ്ര സർക്കാരിന്റെ തെറ്റായ ഇറക്കുമതി നയങ്ങളാണ് നാണ്യവിളകൾ ഉൾപ്പെടെയുള്ള കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവിനുള്ള പ്രധാന കാരണം. റബ്ബർ കർഷകർ നേരിടുന്ന

പ്രതിസന്ധി തരണം ചെയ്യുന്നതിന് കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് കർഷകർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. റബ്ബർ ബോർഡിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. കേരഗ്രാമം ഉൾപ്പെടെയുള്ള പദ്ധതികളിലൂടെ നാളികേര കൃഷിയുടെ വിസ്തൃതിയും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. പച്ച നാളികേരത്തിന് വിലയിടിവുണ്ടാകുന്നപക്ഷം സംഭരണം പുനഃരാരംഭിക്കാനുള്ള നടപടി സ്വീകരിക്കുകയും ഇറക്കുമതി നയം പുനഃപരിശോധിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് നിരവധി തവണ ആവശ്യപ്പെട്ടുകയും ചെയ്തിട്ടുണ്ട്. കർഷകർക്ക് നെല്ലിന്റെ സംഭരണവില നൽകുന്നതുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ ശാശ്വതമായി പരിഹരിക്കുന്നതിനും നെല്ല് സംഭരിച്ച് മൂന്ന് ദിവസത്തിനകം കർഷകരുടെ അക്കൗണ്ടിലേയ്ക്ക് പണം ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരികയാണ്. നെൽകൃഷി പുനരുജ്ജീവിപ്പിക്കുന്നതിനും നെൽകർഷകരെ സഹായിക്കുന്നതിനും നടപടി സ്വീകരിച്ചതിന്റെ ഫലമായി 15000 ഏക്കറിൽ പുതിയതായി നെൽകൃഷി ആരംഭിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം, കർഷക പെൻഷൻ

എന്നീ ഇനങ്ങളിലെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. വിള ഇൻഷ്വറൻസ് സ്കീം പ്രകാരമുള്ള തുകയിൽ വർദ്ധനവ് വരുത്തുകയും അവകാശലാഭം എന്ന ആശയം നടപ്പിലാക്കുന്ന കാര്യത്തിൽ നയപരമായ തീരുമാനമെടുക്കുകയും ആർ.കെ.വി.വൈ. പദ്ധതിയുമായി ബന്ധപ്പെട്ട് നെൽകർഷകർ നേരിടാനിടയുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക കടങ്ങൾ എഴുതിത്തള്ളണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടുകൊണ്ട് പ്രമേയം പാസ്സാക്കാൻ ഗവൺമെന്റ് തയ്യാറാണ്.

<u>ശ്രീ. കെ. എം. മാണി</u>: റബ്ബറിന്റെ വിലയിടിയുകയും ഉല്പാദനച്ചെലവ് വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിൽ 200 രൂപ മിനിമം വില പ്രഖ്യാപിച്ചുകൊണ്ട് റബ്ബർ സംഭരിക്കാനും പമ്പിംഗ് സബ്സിഡി കുടിശ്ശിക കൊടുത്തുതീർക്കാനും നടപടി സ്വീകരിക്കണം. കുരുമുളക്, ഏലം, അടയ്ക്ക, കൊക്കോ തുടങ്ങിയ നാണ്യവിളകൾക്ക് വിലയിടിയുകയും നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധിക്കുകയും ചെയ്തിരിക്കുകയാണ്. റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ചർച്ച ചെയ്യുന്നതിനായി സർവ്വകക്ഷി സംഘത്തെ അയയ്ക്കുന്നതിനും റബ്ബർ കർഷകരെ സഹായിക്കുന്നതിനാവശ്യമായ തുക വകയിരുത്തുന്നതിനും

ചെറുകിട കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനും ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതിനും നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): ഈ സർക്കാർ റബ്ബർ കർഷകരെ സഹായിക്കുന്നതിനാവശ്യമായ തുക വകയിരുത്തുകയും വിവിധ കുടിശ്ശികകൾ കൊടുത്തുതീർക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങളുടെ ഭാഗമായി കർഷക ആത്മഹത്യ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വിലത്തകർച്ച നേരിടുമ്പോൾ താങ്ങുവില നൽകി കർഷകരെ സഹായിക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. റബ്ബർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് റബ്ബർ ബോർഡുമായി ചേർന്ന് 5.96 കോടി രൂപയുടെ പദ്ധതി നടപ്പാക്കുകയാണ്. നാളികേരത്തിൽനിന്നും വൈവിധ്യമാർന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും എല്ലാ ജില്ലകളിലും വിളയടിസ്ഥാനത്തിൽ അഗ്രോ പാർക്കുകൾ ആരംഭിക്കുന്നതിനും റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനായി വ്യവസായ-കൃഷി വകുപ്പുകൾ സംയുക്തമായി റബ്ബറധിഷ്ഠിത വ്യവസായം ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കർഷകരെ സഹായിക്കുന്ന നയമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേന്ദ്ര ഗവൺമെന്റിന്റെ കർഷക ദ്രോഹ സമീപനത്തിനെതിരെ ഒന്നിച്ചുനിൽക്കേണ്ടത് ആവശ്യമാണ്. കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതും അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ആവശ്യമായ ഘട്ടത്തിൽ സർവ്വകക്ഷി സംഘത്തെ അയയ്ക്കുന്നതുമാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണി പ്രസ്താവന നടത്തിയശേഷം അദ്ദേഹത്തിന്റെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### പെൻഷൻ പരിഷ്കരണം

ശ്രീ. ഇ. കെ. വിജയൻ: സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലെയും മുനിസിപ്പൽ കോർപ്പറേഷനുകളിലെയും ശുചീകരണ തൊഴിലാളികളുടെ പെൻഷൻ പരിഷ്കരിക്കാനും ശമ്പള പരിഷ്കരണത്തിലെ അപകാതകൾ പരിഹരിക്കാനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം

ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ട് 17-8-2016-ൽ ഉത്തരവിറങ്ങുകയും പെൻഷൻ പരിഷ്കരണം സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുന്നതിനായി ഫയൽ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതുമാണ്. താൽക്കാലിക കണ്ടിജന്റ് ജീവനക്കാരുടെ വേതനം 600 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിശോധിക്കുന്നതാണ്.

(നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

**III സബ്മിഷൻ**

(1) വിമാന യാത്രാക്കൂലി

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. കെ. സി. ജോസഫ്, എം.എൽ.എ.-യും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. രാജു എബ്രഹാം: ഗൾഫ് മേഖലയിലേയ്ക്കുള്ള വിമാന യാത്രാക്കൂലിയിലെ അനിയന്ത്രിതമായ വർദ്ധനവ് അവസാനിപ്പിക്കാൻ സത്വര നടപടി സ്വീകരിക്കണം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സൗദി അറേബ്യയിൽ നിന്നും നിതാഖാത് നിയമത്തിന്റെ ഭാഗമായി തിരിച്ചുവരുന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതികൾ വിപുലീകരിക്കാനും വിമാന യാത്രാക്കൂലിയിലെ വർദ്ധനവ് അവസാനിപ്പിക്കാനും

നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): വിമാന കമ്പനികൾ ഉയർന്ന യാത്രാക്കൂലി ഈടാക്കുന്ന കാര്യത്തിൽ അടിയന്തരമായി ഇടപെടണമെന്നും ഓണം, ഈദ് സീസണിൽ കൂടുതൽ വിമാന യാത്രാ സൗകര്യം ഏർപ്പെടുത്തണമെന്നും യാത്രാ നിരക്ക് വർദ്ധിപ്പിക്കരുതെന്നും കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചില്ല. തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനും സുസ്ഥിര വരുമാനത്തിനുമായി സർക്കാർ വിഭാവന ചെയ്തിട്ടുള്ള 'നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്' പദ്ധതിയിലൂടെ 15 ശതമാനം മൂലധന സബ്സിഡിയും 3 ശതമാനം പലിശ സബ്സിഡിയും നൽകി സ്വയം തൊഴിൽ സംരംഭങ്ങൾ കണ്ടെത്താൻ ബാങ്കുകൾ മുഖേന വായ്പ ലഭ്യമാക്കുന്നുണ്ട്.

(2) <u>കീഴ്ശാന്തി നിയമനം</u>

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: ചെട്ടികുളങ്ങര ദേവീക്ഷേത്രത്തിലെ കീഴ്ശാന്തി നിയമനത്തിനെതിരെയുള്ള ഉത്തരവ് പിൻവലിച്ച് ശ്രീ. സുധികുമാറിന് ടി ക്ഷേത്രത്തിൽത്തന്നെ നിയമനം നൽകാൻ നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>): മാവേലിക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ

ഉത്തരവുപ്രകാരം പുതിയിടം ദേവസ്വം കീഴ്ശാന്തിയായ ശ്രീ. എസ്. സുധികുമാറിനെ ചെട്ടികുളങ്ങര ദേവസ്വം കീഴ്ശാന്തിയായി സ്ഥലം മാറ്റിയത് ക്ഷേത്രാചാരങ്ങൾക്ക് വിരുദ്ധമാണെന്ന് കാണിച്ചുകൊണ്ട് ക്ഷേത്ര തന്ത്രി ദേവസ്വം അഡ്മിനിസ്ട്രേറ്റർക്ക് കത്ത് നൽകുകയും ഇതുസംബന്ധിച്ച് ശ്രീദേവീവിലാസം ഹിന്ദുമത കൺവെൻഷൻ നൽകിയ കേസിൽ ദേവസ്വം കമ്മിഷണർ ബന്ധപ്പെട്ടവരെ നേരിൽ കേട്ട് തീർപ്പ് കല്പിക്കാൻ ഹൈക്കോടതി ഉത്തരവിടുകയും ചെയ്തിരുന്നു. കീഴ്ശാന്തി നിയമനവുമായി ബന്ധപ്പെട്ട് വിവാദങ്ങൾ ഉയർന്നതിനാൽ മാവേലിക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ ഉത്തരവ് നടപ്പാക്കേണ്ടതില്ലെന്ന് തിരുവിതാംകൂർ ദേവസ്വം കമ്മീഷണർ ഉത്തരവായിട്ടുണ്ട്. പൂജാരി ഉൾപ്പെടെയുള്ള ദേവസ്വം ബോർഡ് നിയമനങ്ങളിൽ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമനങ്ങൾ ജാതി പരിഗണന കൂടാതെ നടപ്പാക്കുന്നതിന് ദേവസ്വം ബോർഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശത്തിന് വിരുദ്ധമായ ഉത്തരവിനെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(3) <u>ഗ്രേസ് മാർക്ക്</u>

<u>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ</u>: കേരളോത്സവ വിജയികൾക്ക് പി.എസ്.സി. പരീക്ഷയിൽ ഗ്രേസ് മാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): കേരളോത്സവ വിജയികൾക്ക് ഉന്നത പഠനത്തിനായി കേരള യൂണിവേഴ്സിറ്റി ഗ്രേസ് മാർക്ക് അനുവദിക്കുന്നുണ്ട്. എന്നാൽ പി. എസ്. സി. പരീക്ഷകളിൽ ഗ്രേസ് മാർക്ക് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(4) സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനം

ശ്രീ. കെ. ദാസൻ: ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പഠന പിന്തുണ ഉറപ്പാക്കുന്നതിനും സ്വയംതൊഴിൽ നേടുന്നതിനും സ്കൂളുകളിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ഒന്നുമുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പഠനത്തിൽ പിന്തുണ നൽകുന്നതിന് കേന്ദ്രമാനവ വിഭവശേഷി മന്ത്രാലയം പുറപ്പെടുവിച്ച IEDSS മാനദണ്ഡം അനുസരിച്ച് 865 റിസോഴ്സ് അദ്ധ്യാപകരെ മാത്രമാണ് സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ളത്. ഇതുകൂടാതെ 408 റിസോഴ്സ് അദ്ധ്യാപകരെ അധികമായി നിയമിച്ചിട്ടുണ്ട്. കൂടുതൽ അവശത അനുഭവിക്കുന്ന കുട്ടികൾ ഉൾപ്പെടുന്ന വിദ്യാലയങ്ങൾക്ക് പ്രാധാന്യം നൽകി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെയും കുട്ടികൾ കുറഞ്ഞ സ്കൂളുകൾ ക്ലബ് ചെയ്ത് കൂടുതൽ സ്കൂളുകളിൽ

റിസോഴ്സ് അദ്ധ്യാപകരുടെയും സേവനവും കിടപ്പിലായ കുട്ടികൾക്ക് തുടർ പഠനത്തിന് ആവശ്യമായ പിന്തുണ നൽകുന്നതിന് ആഴ്ചയിലൊരിക്കൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനവും ഉറപ്പാക്കുന്നതാണ്.

(5) തൊഴിൽ സുരക്ഷ

ശ്രീ. റോഷി അഗസ്റ്റിൻ: ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാ വോളന്റിയർമാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുകയും ഭൗതിക സാഹചര്യവും കൂടുതൽ വിദ്യാർത്ഥികളുമുള്ള ഏകാദ്ധ്യാപക വിദ്യാലയങ്ങളെ എൽ.പി. സ്കൂളുകളാക്കുകയും ചെയ്യണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാ വോളന്റിയർമാരെ കരാറടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. അവരുടെ ഓണറേറിയം വർദ്ധിപ്പിച്ചതിനുപുറമെ ഉത്സവബത്ത, ആർജ്ജിതാവധി തുടങ്ങിയ ആനുകൂല്യങ്ങളും നൽകുന്നുണ്ട്. പി.എസ്.സി.യുടെ അനുമതിയില്ലാതെ വിദ്യാ വോളന്റിയർമാരെ സ്കൂളുകളിൽ നിയമിക്കാൻ സാധിക്കുകയില്ല. കുട്ടികൾ ഇല്ലാതാകുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാ വോളന്റിയർമാരെ മറ്റ് തസ്തികകകളിൽ നിയമിക്കുന്ന കാര്യം വിശദമായി പരിശോധിക്കുന്നതാണ്. ഈ വിദ്യാലയങ്ങളുടെ പ്രവർത്തനം

വിലയിരുത്തുന്നതിന് മൂന്നംഗ കമ്മിറ്റിയെ നിയോഗിക്കുകയും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

### (6) ഫോറസ്റ്റ് റോഡ്

ശ്രീ. കെ. കുഞ്ഞിരാമൻ: കാസർഗോഡ് ജില്ലയിലെ ദേലംപാടി ഫോറസ്റ്റ് വഴിയുള്ള റോഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): കാസർഗോഡ് ജില്ലയിലെ പ്രധാന സ്ഥാപനങ്ങൾ ദേലംപാടി പഞ്ചായത്ത് ആസ്ഥാനമായ അടൂരിലാണ് പ്രവർത്തിക്കുന്നത്. ദേലംപാടിയിൽ നിന്ന് അടൂരിലെത്താനുള്ള പ്രധാനപ്പെട്ട രണ്ട് റോഡുകളിൽ ടാറിംഗ് പൂർത്തിയായിട്ടുണ്ടെങ്കിലും അറ്റകുറ്റപ്പണികൾ നടത്തേണ്ടതായിട്ടുണ്ട്. റോഡ് വികസനത്തിന് മരങ്ങൾ മുറിക്കേണ്ടിവരുന്നതിനാൽ വന സംരക്ഷണ നിയമ പ്രകാരം കേന്ദ്രാനുമതി ആവശ്യമാണ്. ഫോറസ്റ്റ് ക്ലിയറൻസിനുവേണ്ടി യൂസർ ഏജൻസി അപേക്ഷ സമർപ്പിച്ചാൽ ആവശ്യമായ ശിപാർശ സഹിതം കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്ക് ശ്രമിക്കുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

## V റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(1)സബ്ജക്ട് കമ്മിറ്റി XI-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

(2) സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

(3) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പന്ത്രണ്ട് മുതൽ പതിനഞ്ച് വരെയുള്ള റിപ്പോർട്ടുകൾ.

(4)പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്.

(5) മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്.

(6) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്.

## VI ധനകാര്യം

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമിട്ടുകൊണ്ടുള്ള നടപടികളാണ് എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആഗോള സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് തൊഴിലാളികളെയും ദുർബ്ബല ജനവിഭാഗങ്ങളെയും സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി. മതനിരപേക്ഷ വികസിത കേരളം സൃഷ്ടിക്കുന്നതിനും പ്രശ്നങ്ങളേയും പ്രതിസന്ധികളേയും അതിജീവിച്ച് ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുമാണ് ഹരിതകേരളം, ആർദ്രം പദ്ധതികളിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. രാജ്യത്തിന്റെ മതനിരപേക്ഷതയും ഐക്യവും കാത്തുസൂക്ഷിക്കാൻ എൽ.ഡി.എഫ്. സർക്കാർ എന്നും പ്രതിജ്ഞാബദ്ധമായിരിക്കും.

ശ്രീ. എൽദോ എബ്രഹാം: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലും വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് ഈ സർക്കാർ മുൻഗണന നൽകുന്നത്. അടിസ്ഥാന സൗകര്യ വികസന രംഗത്ത് ദിശാബോധത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു സർക്കാരാണിത്. കിഫ്ബിയിലൂടെ

2,000 കോടി രൂപയുടെ പദ്ധതികൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞുവെന്നത് എടുത്തുപറയത്തക്ക നേട്ടമാണ്. അടച്ചുപൂട്ടൽ ഭീഷണി നേരിട്ടിരുന്ന സർക്കാർ സ്കൂളുകൾക്ക് പുതുജീവൻ നൽകാനും അടിസ്ഥാന-ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താനും സ്കൂളുകളെ ഹൈടെക് ആക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളെ രോഗീസൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റാനും പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമി കയ്യേറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാനും ആറ് റവന്യൂ ഡിവിഷനുകൾ ആരംഭിക്കാനും മുടങ്ങിക്കിടന്ന റീ-സർവ്വേ നടപടികൾ പുനരാരംഭിക്കാനും പട്ടയവിതരണം ശക്തിപ്പെടുത്താനും നിലം നികത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാനും കഴിഞ്ഞു. എല്ലാവർക്കും വീട്, സമ്പൂർണ്ണ ശുചിത്വം എന്നീ പദ്ധതികൾ നടപ്പാക്കാനും 141 ഗ്രാമപഞ്ചായത്തുകളിൽ ജലസുഭിക്ഷാ പദ്ധതി നടപ്പാക്കാനും ഗ്രാമസഭകളെ പുനരുജ്ജീവിപ്പിക്കാനും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പാൽ-പച്ചക്കറി-നാളികേര ഉൽപ്പാദനത്തിൽ കേരളത്തെ സ്വയംപര്യാപ്തതയിലെത്തിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം കൊടുക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. പട്ടികജാതി/പട്ടികവർഗ്ഗ മേഖലയുമായി ബന്ധപ്പെട്ടും ഒട്ടനവധി പദ്ധതികൾ

നടപ്പിലാക്കിയിട്ടുണ്ട്. ഈ സർക്കാർ ജനങ്ങളോടൊപ്പം നിന്നുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് ശ്രമിക്കുന്നത്.

ശ്രീ. സി. കെ. നാണു : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരികയാണ്. അവരുടെ അവകാശങ്ങൾ കവർന്നെടുക്കാൻ നടത്തിവരുന്ന ഗൂഢനീക്കങ്ങളെ പ്രതിരോധിക്കണം. കാർഷികാവശ്യങ്ങൾക്കും കുടിവെള്ളത്തിനും ജലം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ സർക്കാർ നടപ്പാക്കിവരുന്നുണ്ട്.

ശ്രീ. കെ. എം. മാണി : ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ റവന്യൂ കമ്മിയും ധനകമ്മിയും വർദ്ധിച്ചുവരികയാണ്. ജനങ്ങളെ നേരിട്ട് ബാധിക്കുന്ന പ്രധാന വകുപ്പുകൾക്ക് നാമമാത്രമായ ബഡ്ജറ്റ് വിഹിതമാണ് വകയിരുത്തിയിരിക്കുന്നത്. ആരോഗ്യ മേഖലയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വർദ്ധിപ്പിക്കുന്നതിന് തയ്യാറാകണം. ജി.എസ്.ടി. നടപ്പാക്കിയതോടെ കേരളമൊഴികെയുള്ള സംസ്ഥാനങ്ങളുടെ നികുതി വരുമാനം വർദ്ധിക്കുകയും ഉപഭോക്തൃ വസ്തുക്കളുടെ വില കുറയുകയും ചെയ്തു. കോഴിയിറച്ചിക്ക് നികുതി പൂർണ്ണമായും പിൻവലിച്ചെങ്കിലും വിലകുറഞ്ഞില്ല. നികുതി പിരിവ് രംഗത്തെ കെടുകാര്യസ്ഥതയ്ക്കും അഴിമതിക്കും അന്ത്യം കുറിക്കാതെ ജി.എസ്.ടി.യുടെ

ഗുണഫലങ്ങൾ ജനങ്ങൾക്കോ ഖജനാവിനോ ലഭിക്കില്ല. ഇതിന് നിശ്ചയദാർഢ്യത്തോടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അഴിമതിരഹിതവും കാര്യക്ഷമവുമായ ഭരണം കാഴ്ചവച്ചുകൊണ്ട് എൽ.ഡി.എഫ്. സർക്കാർ രാജ്യത്തിനാകെ മാതൃകയായിരിക്കുകയാണ്. പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കുന്നതിനും പൊതുജനാഭിപ്രായങ്ങൾ ഉൾക്കൊള്ളുന്നതിനും സർക്കാരിന് സാധിക്കുന്നുണ്ട്. പി.എസ്.സി. വഴി 36,047 പേർക്ക് നിയമനം നൽകുന്നതിനും പുതുതായി 3,700 തസ്തികകൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്. നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 14 ജില്ലാവ്യവസായ കേന്ദ്രങ്ങളിലും ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കുകയും ടൂറിസം മേഖലയ്ക്ക് മുന്തിയ പരിഗണന നൽകുകയും ചെയ്തിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം 71.34 കോടി രൂപയായി കുറയ്ക്കുന്നതിനും നവീകരണ പ്രവർത്തനങ്ങൾക്കായി 270 കോടി രൂപ വകയിരുത്തുന്നതിനും സാധിച്ചിട്ടുണ്ട്. വികസന പദ്ധതികൾക്ക് പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി പ്രകൃതി വാതക പൈപ്പ്ലൈൻ പദ്ധതി പുനരുജ്ജീവിപ്പിച്ചു. തൃശ്ശൂരിൽ സംയോജിത സ്റ്റാർട്ട് അപ്പ് വില്ലേജുകൾ ആരംഭിച്ചു. കാർഷിക മേഖലയിൽ നൂതന പദ്ധതികൾ ആവിഷ്കരിക്കുകയും എല്ലാ ജില്ലകളിലും അഗ്രോ പാർക്കുകൾ സ്ഥാപിക്കുകയും ചെയ്തു. കുടിശ്ശികയുണ്ടായിരുന്ന 151.4 കോടി

രൂപയുടെ കർഷക പെൻഷൻ  വിതരണം ചെയ്തു. വരൾച്ചയുടെ പശ്ചാത്തലത്തിൽ കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം  പ്രഖ്യാപിച്ചിരുന്നു. ചരിത്രത്തിൽ ആദ്യമായി പച്ചക്കറി സംഭരണത്തിന് കർഷകർക്ക് ഇൻസെന്റീവ് നൽകി. തരിശ്ശിടങ്ങളിൽ കൃഷി ഇറക്കുന്നതിന് വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചു.  തീരദേശ മേഖലയിൽ ജനക്ഷേമകരമായ പദ്ധതികൾ നടപ്പാക്കാൻ സർക്കാരിന് സാധിച്ചു.  സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള  ഹരിതകേരളം, ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ മിഷനുകളുടെ പ്രവർത്തനം മികച്ച രീതിയിൽ മുന്നോട്ടുപോകുകയാണ്. അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് സർക്കാരിനെതിരെ പ്രതിപക്ഷം ഉന്നയിക്കുന്നത്. അധികാരപരിധി കടന്ന് സർക്കാരിനെ വിമർശിക്കുന്ന കോടതി നിലപാട് ശരിയല്ല.

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സർക്കാരിന്റെ നേട്ടങ്ങളിൽ നിന്നും ജനശ്രദ്ധ തിരിച്ചുവിടാനുള്ള  ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്.  സർക്കാർ നടപ്പാക്കുന്ന  വികസന സാമൂഹ്യക്ഷേമ പരിപാടികൾ ജനപിന്തുണയോടെ മുന്നോട്ടുപോകുകയാണ്.  നിരവധി വർഷങ്ങളായി അടഞ്ഞുകിടന്ന അലിൻഡ് ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കാൻ സാധിച്ചത് അഭിനന്ദനാർഹമാണ്.  കഴക്കൂട്ടം-ചേർത്തല ദേശീയ പാതയ്ക്കുള്ള സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി സർക്കാർ നടത്തിയ പരിശ്രമങ്ങൾ ഗുണപരമായ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. സാമൂഹ്യ സാമ്പത്തിക മേഖലകളിൽ കേന്ദ്ര സർക്കാർ നയങ്ങളുടെ ഭാഗമായുണ്ടാകുന്ന വെല്ലുവിളികൾ പ്രതിരോധിക്കാൻ സാധിക്കണം. ദീർഘവീക്ഷണത്തോടെ ജനോപകാരപ്രദമായ പരിപാടികൾ നടപ്പിലാക്കുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു.

ശ്രീ. ഒ. രാജഗോപാൽ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സർക്കാരിന്റെ സ്വജനപക്ഷപാത നിലപാടുകൾ കോടതി വിമർശനങ്ങൾക്ക് കാരണമായിരിക്കുകയാണ്. സ്ഥാപിത താല്പര്യക്കാർക്ക് കൂട്ടുനിൽക്കുന്ന സർക്കാർ സമീപനം ശരിയല്ല. പോലീസിനെ രാഷ്ട്രീയവൽക്കരിക്കുന്നത് നിർഭാഗ്യകരമാണ്. തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിന് പ്രത്യേക യൂണിറ്റ് രൂപീകരിക്കണമെന്ന കേന്ദ്ര നിർദ്ദേശം സംസ്ഥാന സർക്കാർ പാലിക്കുന്നില്ല.

ശ്രീ. എ. എം. ആരിഫ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അടിസ്ഥാനസൗകര്യ വികസനവും ജനക്ഷേമവും ലക്ഷ്യമാക്കിയുള്ള പരിപാടികളിലൂടെ സർക്കാർ മുന്നോട്ടുപോകുകയാണ്. ഉപതെരഞ്ഞെടുപ്പുകളിലെ ഫലം സർക്കാരിന്റെ ജനപിന്തുണ വർദ്ധിച്ചതിന്റെ തെളിവാണ്. സംസ്ഥാന സർക്കാരിനെ അസ്ഥിരപ്പെടുത്താനുള്ള ആർ.എസ്.എസ്. നീക്കത്തിനെതിരെ

പ്രതിഷേധിക്കാൻ കോൺഗ്രസ് തയ്യാറാകുന്നില്ല. സംസ്ഥാനത്തെ ക്രമസമാധാന നില ഭദ്രമാക്കുന്നതിനും വർഗ്ഗീയതയെ ചെറുക്കുന്നതിനും ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ ജനകീയ സർക്കാരിനെ പിരിച്ചുവിടുന്നതിനുള്ള ശ്രമങ്ങളാണ് കേന്ദ്ര ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ആർ.എസ്.എസ്-നെയും ബി.ജെ.പി.-യേയും സഹായിക്കുന്ന നിലപാടുകളാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്.

<u>ശ്രീ. കെ. രാജൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാർഷിക മേഖലയുടെ സമഗ്ര വികസനത്തിന് പദ്ധതി ആവിഷ്കരിച്ചതും വിള ഇൻഷുറൻസ് നടപ്പാക്കിയതും ക്ഷീരോത്പാദക രംഗത്ത് ഗണ്യമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞതും ശ്ലാഘനീയമാണ്. പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താനും പൊതുവിതരണ മേഖലയിൽ സമഗ്രമായ ഇടപെടൽ നടത്താനും ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. പെൻഷൻ കുടിശ്ശികയില്ലാതെ നൽകാൻ കഴിഞ്ഞതും 'ലൈഫ് ' പദ്ധതി പ്രഖ്യാപിച്ചതും ഈ ഗവൺമെന്റിന്റെ സാമൂഹ്യ പ്രതിബദ്ധത വ്യക്തമാക്കുന്നു. തികച്ചും ജനോപകാരപ്രദമായ നടപടികളുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര ഗവൺമെന്റ് സബ്സിഡി നിർത്തലാക്കിയതും ഇന്ധന

വിലനിയന്ത്രണാധികാരം എണ്ണക്കമ്പനികൾക്ക് നൽകിയതും ജനജീവിതത്തെ ദുസ്സഹമാക്കിയിട്ടുണ്ട്. വികസന പദ്ധതികൾക്കൊപ്പം പാവപ്പെട്ട ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾകൂടി ഏറ്റെടുത്തുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ക്രമസമാധാനത്തിന്റെ കാര്യത്തിലും വികസന സൂചികകളിലും കേരളം ഇതര സംസ്ഥാനങ്ങളെക്കാൾ മുൻപന്തിയിലാണ്. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചതും 60 വയസ് കഴിഞ്ഞ എല്ലാവർക്കും പെൻഷൻ ഉറപ്പുവരുത്തിയതും ശ്ലാഘനീയമാണ്. പാവപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പാ തിരിച്ചടവിനായുള്ള പദ്ധതി ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകൾക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും സഹായം നേരിട്ട് ബാങ്ക് അക്കൗണ്ടിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. ശുചിമുറിയില്ലാത്ത ആദിവാസി കുടുംബങ്ങൾക്കും പട്ടികജാതി വിഭാഗങ്ങൾക്കും സൗജന്യമായി നിർമ്മിച്ച് നൽകിയിട്ടുണ്ട്. 15000 ഏക്കർ സ്ഥലത്ത് പുതുതായി നെൽകൃഷി ആരംഭിക്കുകയും കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി വിദ്യാഭ്യാസ സംരക്ഷണ യജ്ഞവും പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിന് ആർദ്രം പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. 13 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുകയും മുടങ്ങിക്കിടന്നിരുന്ന പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിൽ ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തിയ നടപടി അഭിനന്ദനാർഹമാണ്. അപകടത്തിൽപ്പെട്ട ഇതര സംസ്ഥാനക്കാരന് ചികിത്സ നിഷേധിച്ച സ്വകാര്യ ആശുപത്രികൾക്കെതിരെ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. എസ്. ശർമ്മ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിൽ വാണിജ്യവത്കരണത്തിന് തുടക്കമിട്ടത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. ജനാധിപത്യപരമായി പ്രവർത്തിക്കുന്ന സർക്കാരിന്റെ കുറവുകൾ ചൂണ്ടിക്കാണിച്ചാൽ തിരുത്തുന്നതാണ്. സാമ്പത്തിക രാഷ്ട്രീയ രംഗങ്ങളിൽ സങ്കീർണ്ണമായ സ്ഥിതിവിശേഷം വളർന്നുവരികയാണ്. തീവ്ര വലതുപക്ഷ നയം രാജ്യത്ത് തുടരുകയാണ്. മതനിരപേക്ഷ മൂല്യങ്ങളെ സംരക്ഷിക്കുകയാണ് സർക്കാർ ചെയ്യുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): കേന്ദ്രസർക്കാർ സ്കീമുകൾക്ക് മാച്ചിംഗ് ഗ്രാന്റ് നൽകുന്നതിനും ബഡ്ജറ്റിലെ പ്രഖ്യാപിത പദ്ധതികൾക്ക് തുക വകയിരുത്തുന്നതിനും ചെലവഴിച്ച തുകയ്ക്ക് അംഗീകാരം വാങ്ങുന്നതിനുമാണ് ഉപധനാഭ്യർത്ഥനകൾ അവതരിപ്പിച്ചിട്ടുള്ളത്. ഫിസിക്കൽ സ്റ്റെബിലൈസേഷൻ പുന:സ്ഥാപിച്ച് ധനദൃഢീകരണം കൊണ്ടുവരുന്നതിന് സർക്കാർ ശ്രമിക്കുന്നതാണ്. ബഡ്ജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുകയാണ് ക്ഷേമ പെൻഷനുകൾക്ക് ചെലവഴിച്ചിട്ടുള്ളത്. ഈ ഓണക്കാലത്ത് കർഷക പെൻഷനടക്കം എല്ലാ ക്ഷേമ പെൻഷനുകളുടെയും കുടിശ്ശിക പൂർണ്ണമായി നൽകുന്നതാണ്. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ തുക ലഭ്യമാക്കുന്നതിനും സാമ്പത്തിക സുസ്ഥിരത കൈവരിക്കുന്നതിനുമാണ് കിഫ്ബി സംവിധാനം കൊണ്ടുവന്നിട്ടുള്ളത്. വൻകിട നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് സർക്കാർ ശ്രമിക്കുന്നതാണ്. സാമൂഹ്യ സുരക്ഷാ മേഖലയിൽ കൂടുതൽ തുക വകയിരുത്തി വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും പരമ്പരാഗത തൊഴിലുകളെ സംരക്ഷിച്ചുകൊണ്ട് നിക്ഷേപം വർദ്ധിപ്പിച്ച് പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ

ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ചർച്ച കൂടാതെ പാസ്സാക്കേണ്ട മറ്റ് ധനാഭ്യർത്ഥനകളിന്മേലുള്ള ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## VII നിയമനിർമ്മാണകാര്യം

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സംസ്ഥാന തീരദേശസുരക്ഷ ഉൾപ്പെടെയുള്ള എല്ലാ തുറമുഖ പ്രവർത്തനങ്ങളും ഒരു ഏജൻസിയുടെ കീഴിൽ ഏകോപിപ്പിക്കാനാണ് ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുന്നത്. നാവികസേനയുടെയും ഇന്ത്യൻ തീരദേശ സംരക്ഷണ സേനയുടെയും പ്രാതിനിധ്യം ഉറപ്പാക്കിയിട്ടുണ്ടെന്ന് മാത്രമല്ല സംസ്ഥാനത്ത് പ്രസ്തുത ബോർഡ് രൂപീകരിക്കുന്നതിന് മാരിടൈം സംസ്ഥാന വികസന കൗൺസിൽ ശക്തമായി ശിപാർശ ചെയ്തിട്ടുണ്ട്. പ്രാരംഭ നടപടിയെന്ന നിലയിൽ കേരള മാരിടൈം സൊസൈറ്റിയേയും കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷനേയും ബോർഡിൽ ലയിപ്പിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. സാഗർമാല പദ്ധതിയനുസരിച്ച് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്കായി നീക്കിവച്ചിട്ടുള്ള വിഹിതം ലഭ്യമാകുന്നതിന് ബോർഡ് രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്.

(വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയില്ല.)

ശ്രീ. കെ. ആൻസലൻ: സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ ചെറുകിട തുറമുഖങ്ങളെയും ഫിഷിംഗ് ലാന്റിനെയും വളർത്തിയെടുക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നത്. ബോർഡ് പ്രാവർത്തികമാകുന്നതോടുകൂടി കേരളത്തിന്റെ തീരദേശ വികസനം സാധ്യമാകുന്നതാണ്. തുറമുഖ വികസനവുമായി ബന്ധപ്പെട്ട നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് മുഖ്യമന്ത്രിയോ വകുപ്പുമന്ത്രിയോ ചെയർമാനായി വരേണ്ടതും ബന്ധപ്പെട്ട വകുപ്പുസെക്രട്ടറിമാരെ ബോർഡിൽ ഉൾപ്പെടുത്തേണ്ടതും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി തുറമുഖ വകുപ്പുസെക്രട്ടറിയെ നിയമിക്കേണ്ടതുമാണ്. മാരിടൈം ബോർഡിലും കൺസൾട്ടേറ്റീവ് കമ്മിറ്റിയിലും തദ്ദേശീയ ഉപദേശക സമിതികളിലും വിവിധ തലങ്ങളിലുള്ള ജനപ്രതിനിധികളെ ഉൾപ്പെടുത്തണം. സർക്കാരിന്റെ കൈവശമുള്ള സ്വത്തുക്കൾ 30 വർഷത്തെ പാട്ടത്തിന് കൈമാറുന്നതിനുള്ള വ്യവസ്ഥകൾ ഒഴിവാക്കേണ്ടതാണ്. തുറമുഖത്തിന്റെ പരിധിക്കുള്ളിൽ സ്വകാര്യ വ്യക്തികൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി കൊടുക്കുന്നത് ആശാസ്യമല്ല. ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളിൽ തീരദേശ

സംരക്ഷണത്തിന് നിർദ്ദേശങ്ങളൊന്നുമില്ല. സ്ഥാവര വസ്തുക്കളുടെ പാട്ടത്തിന് കരാർ നൽകുന്നത് 30 വർഷമെന്നത് 5 വർഷമാക്കേണ്ടതാണ്. മത്സ്യത്തൊഴിലാളികളെ ഹനിക്കുന്ന തരത്തിൽ യാതൊരു വ്യവസ്ഥകളുമുണ്ടാകാൻ പാടില്ല. തുറമുഖങ്ങളിൽ നിലവിലുള്ള തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള നിലപാട് സ്വീകരിക്കണം.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മാരിടൈം ബോർഡിന്റെ രൂപീകരണത്തോടെ ചെറുകിട തുറമുഖങ്ങളുടെ വികസനവും ഏകോപനവും സാധ്യമാകുമെന്ന് കരുതുന്നു. തീരദേശ ഉൾനാടൻ ജലഗതാഗതങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അഭിനന്ദനാർഹമാണ്. തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള തീരദേശ കപ്പൽ ഗതാഗത പദ്ധതിക്കും ജലഗതാഗതത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും മാരിടൈം ബോർഡിന്റെ രൂപീകരണം സഹായകമാകും. 590 കിലോമീറ്റർ തീരദേശമുള്ള സംസ്ഥാനത്ത് തീരസംരക്ഷണം അത്യന്താപേക്ഷിതമാണ്. തീരദേശത്തുള്ള കയ്യേറ്റങ്ങൾ ഗൗരവമായി കാണേണ്ടതാണ്. അത്യാധുനിക നിരീക്ഷണ സംവിധാനങ്ങൾ ചെറുകിട ഇടത്തരം തുറമുഖങ്ങളിൽ ഏർപ്പെടുത്തേണ്ടതാണ്. ജീവനക്കാരുടെ ആനുകൂല്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിന് തുറമുഖ വകുപ്പ് സെക്രട്ടറിയുടെ

നിയന്ത്രണത്തിൽ എസ്റ്റാബ്ലിഷ്മെന്റ് സ്പെഷ്യൽ സെൽ രൂപീകരിക്കണം. ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്, സൂപ്പർ ആനുവേഷൻ ഫണ്ട്, മറ്റു ഫണ്ടുകൾ എന്നിവ ഇതര സർക്കാർ ജീവനക്കാരുടേതുപോലെ നിലനിർത്തണം.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): കേരള മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങളിൽ ജനപ്രതിനിധികൾ സജീവ പങ്കാളികളാകുന്നതിന് പ്രായോഗിക പരിമിതികളുണ്ട്. ബോർഡ് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. തീരദേശങ്ങളിലെ അനധികൃത കയ്യേറ്റം തടയുന്നതിനും ജീവനോപാധി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകുന്നതിനും മുന്തിയ പരിഗണന നൽകുന്നതാണ്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

142. ഖണ്ഡം 2 (ഡബ്ല്യു) (i)-ൽ "കൂടാതെ അവർ ഉൾപ്പെടുന്നതും" എന്നീ

വാക്കുകളും ചിഹ്നവും ഒഴിവാക്കുക.

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

145. ഖണ്ഡം 2 (എ)-ൽ "സംരംഭം" എന്ന വാക്കിനുപകരം "സംരംഭങ്ങൾ" എന്ന വാക്ക് ചേർക്കുക.

180. ഖണ്ഡം 2 (എൽ)-ൽ "വരയപ്പെടുന്ന" എന്ന വാക്കിനുപകരം "വരയ്ക്കപ്പെടുന്ന" എന്ന വാക്ക് ചേർക്കുക.

189. ഖണ്ഡം 2 (ആർ)-ൽ "വരയപ്പെടുന്ന" എന്ന വാക്കിനുപകരം "വരയ്ക്കപ്പെടുന്ന" എന്ന വാക്ക് ചേർക്കുക.

192. ഖണ്ഡം 2 (എസ്)-ൽ "തുറമുഖത്തെ" എന്നത് "തുറമുഖത്ത്" എന്ന് മാറ്റുക.

198. ഖണ്ഡം 2 (യു)-ൽ "സർക്കാരാൽ" എന്നതിനുപകരം "സർക്കാരിനാൽ" എന്ന് ചേർക്കുക.

201. ഖണ്ഡം 2 (ഡബ്ല്യു)(i)-ൽ "ചരയ്ക്കയയ്ക്കുന്ന" എന്നതിനുപകരം "ചരക്കയയ്ക്കുന്ന" എന്ന് ചേർക്കുക.

211. ഖണ്ഡം 2 (ഇസഡ്-എ) (ii) -ൽ "കീഴിൽ ഏതെങ്കിലും മുനിസിപ്പാലിറ്റിയോ" എന്നതിനുശേഷം "നഗരസഭയോ" എന്ന് ചേർക്കുക.

168, 174, 179, 212, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

227. ഖണ്ഡം 3(4) ന്റെ (ix)-ാം ഇനത്തിൽ "രണ്ട്" എന്ന വാക്കിന് പകരം "നാല്" എന്ന വാക്ക് ചേർക്കുക

താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

235. ഖണ്ഡം 3(1) -ൽ "എന്ന് വിളിക്കപ്പെടുന്ന" എന്നത് "എന്ന പേരിൽ" എന്ന് മാറ്റുക.

241. ഖണ്ഡം 3(2) -ൽ "വ്യയനം" എന്ന വാക്കിനുപകരം "കൈമാറ്റം" എന്ന വാക്ക് ചേർക്കുക.

261. ഖണ്ഡം 3(4)(ii) -ൽ "അയാൾ" എന്നത് "അദ്ദേഹം" എന്ന് മാറ്റുക.

289. ഖണ്ഡം 3 -ൽ ഉപഖണ്ഡം (5)ആയി താഴെപ്പറയുന്നവ ചേർക്കുക

"(5) നാമനിർദ്ദേശം ചെയ്യപ്പെട്ട ചെയർമാൻ, വൈസ് ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ കാലാവധി പരമാവധി അഞ്ചുവർഷം ആയിരിക്കും"

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4-ാം വകുപ്പ്</u>

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>5-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

307. ഖണ്ഡം 5(2) -ൽ "അദ്ധ്യക്ഷം" എന്നത് "ആദ്ധ്യക്ഷം" എന്ന് മാറ്റുക.

312. ഖണ്ഡം 5(3) -ൽ "അദ്ധ്യക്ഷം" എന്നത് "ആദ്ധ്യക്ഷം" എന്ന് മാറ്റുക.

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6 മുതൽ 11 വരെയുള്ള വകുപ്പുകൾ

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

6 മുതൽ 11 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6 മുതൽ 11 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 12-ാം വകുപ്പ്

381-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 13-ാം വകുപ്പ്

386-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 14-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

397. ഖണ്ഡം 14(1)-ൽ "നിബന്ധകളോടും" എന്നത് "നിബന്ധനകളോടും" എന്ന് മാറ്റുക.

409-ാം നമ്പർ ഭേഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

409-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>15-ാം വകുപ്പ്</u>

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>16-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

457. ഖണ്ഡം 16 (ഇ)-ൽ "മറ്റു നിയമനനടപടികളും" എന്നത് "മറ്റു നിയമ നടപടികളും" എന്ന് മാറ്റുക.

460, 462, 463, 464, 466, 472, 473 എന്നീ നമ്പർ ഭേദഗതികൾ

അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

17-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

474. ഖണ്ഡം 17-ൽ "സേവന വേതന വ്യവസ്ഥകളോടും" എന്ന വാക്കുകൾക്ക് ശേഷം "തുടരാവുന്നതും" എന്ന വാക്ക് ചേർക്കുക.

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

18-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

489. ഖണ്ഡം 18-ൽ "തുറമുഖ കാര്യാലയം" എന്ന വാക്കിനുപകരം "തുറമുഖ ഡയറക്ടറേറ്റോ തുറമുഖ കാര്യാലയമോ" എന്നീ വാക്കുകൾ ചേർക്കുക.

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 19-ഉം 20 -ഉം വകുപ്പുകൾ

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

19-ഉം 20-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ഉം 20-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 21-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

501. ഖണ്ഡം 21-ൽ "ആർജ്ജനം നടത്താവുന്നതും" എന്നതിന് പകരം "ആർജ്ജിക്കാവുന്നതും" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 22-ാം വകുപ്പ്

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 23-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

534. ഖണ്ഡം 23 (2)(ജി)-ൽ "ഭാരം കുറഞ്ഞ കപ്പലുകളും" എന്നതിന് പകരം "വിളക്ക് കപ്പലുകളും" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 24-ഉം 25-ഉം വകുപ്പുകൾ

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല

24-ഉം 25-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

24-ഉം 25-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 26-ാം വകുപ്പ്

565-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 27-ാം വകുപ്പ്

571, 572,573, 575, 576, 577 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 28 -ഉം 29 -ഉം വകുപ്പുകൾ

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല

28 -ഉം 29 -ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

28 -ഉം 29-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

30-ാം വകുപ്പ്

604, 605 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

31-ാം വകുപ്പ്

611, 612, 613, 615, 618, 620 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

31-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

31-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

32-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

627. ഖണ്ഡം 32 (1)(ii)-ന്റെ ക്ലിപ്ത നിബന്ധനയുടെ (ബി)-ഇനത്തിൽ "ഉത്തരവാദിത്വം" എന്നതിന് പകരം "ഉത്തരവാദിത്തം" എന്നും

"കാലവധി" എന്നതിന് പകരം "കാലാവധി" എന്നും ചേർക്കുക.

625-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

625-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 32-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 32-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

33 മുതൽ 40 വരെയുള്ള വകുപ്പുകൾ

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല

33 മുതൽ 40 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

33 മുതൽ 40 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

41-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

688. ഖണ്ഡം 41(3)-ൽ "ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും" എന്നീ വാക്കുകൾ വിട്ട് കളയേണ്ടതാണ് എന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു.

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 41-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 41-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>42 മുതൽ 45 വരെയുള്ള വകുപ്പുകൾ</u>

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല

42 മുതൽ 45 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

42 മുതൽ 45 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>46-ാം വകുപ്പ്</u>

707, 709 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

46-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

46-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>47-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

711. ഖണ്ഡം 47(1)-ൽ "സ്വന്തമാക്കിയിട്ടുള്ളതോ" എന്നതിനു പകരം

"സ്വന്തമായിട്ടുള്ളതോ" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 47-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 47-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

48 മുതൽ 52 വരെയുള്ള വകുപ്പുകൾ

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല

48 മുതൽ 52 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

48 മുതൽ 52 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

53-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

747. ഖണ്ഡം 53(2)-ൽ "ഒരു ബാങ്കിലോ" എന്നത് "ഒരു ബാങ്കിൽ" എന്നാക്കി മാറ്റുക.

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 53-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 53-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>54 മുതൽ 57 വരെയുള്ള വകുപ്പുകൾ</u>

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല

54 മുതൽ 57 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

54 മുതൽ 57 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>58-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

760. ഖണ്ഡം 58(1)-ൽ "ഉള്ള അതിന്" എന്നത് "ഉള്ളതിന്" എന്ന് മാറ്റുക.

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 58-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 58-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>59-ാം വകുപ്പ്</u>

(ഭേദഗതിയില്ല)

59-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

59-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>60 മുതൽ 66 വരെയുള്ള വകുപ്പുകൾ</u>

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല

60 മുതൽ 66 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

60 മുതൽ 66 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>67-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

773. ഖണ്ഡം 67 ഇനം (i)-ൽ "ഉള്ള മാർഗ്ഗം" എന്ന വാക്കുകൾ ഒഴിവാക്കുക.

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 67-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 67-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 68 -ഉം 69-ഉം വകുപ്പുകൾ

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല

68-ഉം 69 -ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

68 -ഉം 69-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 70-ാം വകുപ്പ്

784-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

70-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

70-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 71-ഉം 72-ഉം വകുപ്പുകൾ

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

71-ഉം 72-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

71-ഉം 72-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

73-ാം വകുപ്പ്

(ഭേദഗതിയില്ല.)

73-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

73-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

74-ഉം 75-ഉം വകുപ്പുകൾ

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

74-ഉം 75-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

74-ഉം 75-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

76-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

795. ഖണ്ഡം 76-ൽ "കോൺട്രാക്റ്റിൽ" എന്ന വാക്കിനു പകരം "കരാറിൽ" എന്ന വാക്ക് ചേർക്കുക.

മറ്റ് ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 76-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം

സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 76-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

77-ാം വകുപ്പ്

ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.

77-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

77-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

78-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

798. ഖണ്ഡം 78-ന്റെ ക്ലിപ്ത നിബന്ധനയിൽ "ആവശ്യമുണ്ടായിരുന്നതല്ല" എന്ന വാക്കിന് പകരം "ആവശ്യമുണ്ടായിരിക്കുന്നതല്ല" എന്ന വാക്ക് ചേർക്കുക.

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 78-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 78-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

79-ാം വകുപ്പ്

(ഭേദഗതിയില്ല.)

79-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

79-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

80-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

813. ഖണ്ഡം 80 (4)-ൽ "അതിനുമുൻപ് ആയോ" എന്നത് "അതിനു മുമ്പോ" എന്നു മാറ്റുക.

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 80-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 80-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

81-ാം വകുപ്പ്

ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.

81-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

81-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

82-ാം വകുപ്പ്

(ഭേദഗതിയില്ല.)

82-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

82-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

83-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

819. ഖണ്ഡം 83(2)-ൽ "ഏതെങ്കിലുംതുക" എന്നത് "ഏതെങ്കിലും തുക" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 83-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 83-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

84 മുതൽ 86 വരെയുള്ള വകുപ്പുകൾ

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

84 മുതൽ 86 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചു.

84 മുതൽ 86 വരെയുള്ള വകുപ്പുകൾ  ബില്ലിന്റെ ഭാഗമായി.

87-ാം വകുപ്പ്

(ഭേദഗതിയില്ല.)

87-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

87-ാം  വകുപ്പ് ബില്ലിന്റെ ഭാഗമായി.

88 മുതൽ 90 വരെയുള്ള വകുപ്പുകൾ

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

88 മുതൽ 90 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

88 മുതൽ 90 വരെയുള്ള വകുപ്പുകൾ  ബില്ലിന്റെ ഭാഗമായി.

91-ാം വകുപ്പ്

(ഭേദഗതിയില്ല.)

91-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

91-ാം  വകുപ്പ് ബില്ലിന്റെ ഭാഗമായി.

92 മുതൽ 96 വരെയുള്ള വകുപ്പുകൾ

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

92 മുതൽ 96 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

92 മുതൽ 96 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

97-ാം വകുപ്പ്

(ഭേദഗതിയില്ല.)

97-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

97-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

98-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

855. ഖണ്ഡം 98-ൽ "കോൺട്രാക്റ്റിലോ" എന്നത് "കരാറിലോ" എന്ന് മാറ്റുക.

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 98-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 98-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>99-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

856. ഖണ്ഡം 99-ൽ "ലംഘത്തിന്" എന്നതിന് പകരം "ലംഘനത്തിന്" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 99-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 99-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>100 -ഉം 101-ഉം വകുപ്പുകൾ</u>

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

100-ഉം 101-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

100-ഉം 101-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>102-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി

അവതരിപ്പിച്ചു.

867. ഖണ്ഡം 102(1)-ൽ "കുറഞ്ഞ ഒരു അംഗം" എന്ന വാക്കുകൾക്ക് പകരം "കുറഞ്ഞത് ഒരു അംഗമെങ്കിലും" എന്ന വാക്കുകൾ ചേർക്കുക.

868. ഖണ്ഡം 102(5)(ബി) ആയി താഴെപ്പറയുന്നത് ചേർക്കുകയും അതിനനുസരിച്ച് ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക:

"(ബി) കമ്മിറ്റിയുടെ ക്വാറം;"

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 102-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 102-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 103-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

873. ഖണ്ഡം 103 (3)-ൽ "പ്രാദേശിക" എന്ന വാക്കിന് പകരം "തദ്ദേശീയ" എന്ന വാക്ക് ചേർക്കുക.

875. ഖണ്ഡം 103 (4)-ൽ "പ്രാദേശിക" എന്ന വാക്കിന് പകരം "തദ്ദേശീയ" എന്ന വാക്ക് ചേർക്കുക.

876. ഖണ്ഡം 103 (5)-ൽ "പ്രാദേശിക" എന്ന വാക്കിന് പകരം "തദ്ദേശീയ" എന്ന വാക്ക് ചേർക്കുക.

870, 871 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 103-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 103-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 104 മുതൽ 106 വരെയുള്ള വകുപ്പുകൾ

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

104 മുതൽ 106 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

104 മുതൽ 106 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>107-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

894. ഖണ്ഡം 107-ലെ ഇനം (ഐ)-ൽ "ജട്ടികളുടെയും" എന്നത് "ജെട്ടികളുടെയും" എന്ന് മാറ്റുക.

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 107-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 107-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>108-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

899. ഖണ്ഡം 108-ൽ ഒന്നാം ഉപഖണ്ഡമായി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക:

"(1) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഓരോ റെഗുലേഷനും അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, അത് ഒരു സമ്മേളനത്തിലോ

തുടർച്ചയായ രണ്ട് സമ്മേളനത്തിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതാണ്".

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 108-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 108-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 109 മുതൽ 112 വരെയുള്ള വകുപ്പുകൾ

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

109 മുതൽ 112 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

109 മുതൽ 112 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 113-ാം വകുപ്പ്

(ഭേദഗതിയില്ല.)

113-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

113-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>114-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

915. ഖണ്ഡം 114-ലെ നിലവിലുള്ള ക്ലിപ്ത നിബന്ധനയ്ക്കു ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന കൂടി ചേർക്കുക:

"എന്നു മാത്രമല്ല, ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച എല്ലാ ഉത്തരവും അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗം, നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്".

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 114-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 114-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2017-ലെ കേരള മാരിടൈം ബോർഡ് ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## VIII അറിയിപ്പ്

### മാജിക് ഷോ

മി. സ്പീക്കർ: ഇന്ന് വൈകുന്നേരം 6.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽവച്ച് ഭിന്നശേഷിക്കാരായ കുട്ടികൾ അവതരിപ്പിക്കുന്ന മാജിക് ഷോ നടത്തുന്നതാണ്. എല്ലാ ബഹു. അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സഭ ഉച്ചയ്ക്കുശേഷം 2.26-ന് പിരിഞ്ഞു.

* * * * * * * * *